# ലാലൂർ മാലിന്യ സംസ്കരണശാല ദുർഗന്ധം വമിപ്പിക്കുമ്പോൾ

സ്വന്തം ലേഖകൻ

തൃശ്ശൂർ: രാഷ്ട്രീയ കെടുകാര്യസ്ഥതയുടെ കറുത്ത മുഖത്തിന് ലാലൂരിലെ മാലിന്യങ്ങളേക്കാൾ ദുർഗന്ധമുണ്ടെന്ന് ലാലൂരുകാർ തിരിച്ചറിഞ്ഞിരിക്കുന്നു. ലാലൂരുകാർക്ക് ആശ്വാസമേകാൻ ഭരണാധികാരികൾ നൽകിയ 20 ലക്ഷം രൂപയുടെ മാലിന്യസംസ്കരണയന്ത്രം വളരെ കുറച്ചു മാലിന്യം മാത്രം സംസ്കരിച്ച് നോക്കുകുത്തിയായി മാറുകയാണിപ്പോൾ.

കോർപ്പറേഷൻ പരിധിയിൽ നിന്നെത്തുന്ന മാലിന്യങ്ങൾ ഭൂരിഭാഗവും സംസ്കരിക്കാനാവാതെ സംസ്കരണശാലയിൽ കുന്നുകൂടി കിടക്കുകയാണ്. രണ്ടു ഷിഫ്റ്റുകളിലായി നടക്കുന്ന സംസ്കരണ പ്രവർത്തനങ്ങളിലൂടെ നാലുടണ്ണോളം മാലിന്യങ്ങൾ മാത്രമേ സംസ്കരിക്കപ്പെടുന്നുള്ളുവെന്നാണ് ലാലൂർ മലിനീകരണ വിരുദ്ധ സമരസമിതി പ്രവർത്തകർ പറയുന്നത്. ഇപ്പോളുപയോഗിക്കുന്ന മാലിന്യസംസ്കരണ യന്ത്രം ഭാഗികമായി മാത്രമേ പ്രവർത്തിക്കുന്നുള്ളു. ജർമ്മൻ കമ്പനിയായ 'ഓർഗൈവർ' സ്ഥാപിച്ചപ്പോൾ പറഞ്ഞിരുന്നത് 7 ടൺ മാലിന്യം സംസ്കരിക്കാൻ ശേഷിയുള്ളതാണ് യന്ത്രമെന്നതാണ്. അധികൃതർ യന്ത്രത്തിന്റെ കാര്യക്ഷമത പരിശോധിക്കാതെ കണ്ണടച്ച് യന്ത്രം സ്ഥാപിച്ചതിനെതിരെ ആരോപണമുയർന്നിരുന്നു.

രാമനിലയത്തിൽ ലാലൂർ സമരസമിതി നേതാക്കളുമായുണ്ടായ ചർച്ചയുടെ അടിസ്ഥാനത്തിൽ ഒരു മാസം യന്ത്രത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി സമയം തേടിയിരുന്നു. അതോടെ സമരം താൽക്കാലികമായി നിർത്തിവെച്ചു പ്ലാന്റിൽ ബാക്കിയാകുന്ന മാലിന്യങ്ങൾ പഴയതുപോലെ ലാലൂരിൽ കുഴിച്ചുമൂടാമെന്ന ആവശ്യം സമരസമിതി തള്ളിക്കളഞ്ഞതിനാൽ ഒരു പുതിയ മാലിന്യസംസ്കരണയന്ത്രം കൂടി ലാലൂരിൽ സ്ഥാപിക്കാനുള്ള ഒരുക്കത്തിലാണ് കോർപ്പറേഷൻ അധികാരികൾ. അതുവരെ മാലിന്യങ്ങൾ ലാലൂരിൽതന്നെ കുഴിച്ചുമൂടാനുള്ള അനുവാദത്തിന് ഹൈക്കോടതിയെ സമീപിക്കുകയാണെന്ന ശ്രുതിയും ഉയർന്നിട്ടുണ്ട്. ഇപ്പോഴുള്ള മാലിന്യസംസ്കരണ യന്ത്രം പോലെ നാലു യന്ത്രങ്ങൾ സ്ഥാപിച്ചാലും ചിലർക്ക് സാമ്പത്തിക ലാഭമല്ലാതെ മാലിന്യസംസ്കരണമൊന്നും നടക്കില്ലെന്ന അഭിപ്രായമാണ് ലാലൂർ മലിനീകരണ വിരുദ്ധ സമരസമിതിക്കുള്ളത്.

ലാലൂരിലെ ദുർഗന്ധത്തിന് ഇനിയും പരിഹാരമായിട്ടില്ല, കൂടാതെ സംസ്കരിക്കാൻ കഴിയാതെ മാറ്റിവെച്ചിരുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ എങ്ങനെയുപയോഗിക്കണമെന്നറിയാതെ കുഴങ്ങുകയാണധികൃതർ. പുതുതായി ചേർക്കപ്പെട്ട പഞ്ചായത്തുകളിൽ നിന്നൊഴിച്ചുള്ള മാലിന്യങ്ങളാണ് ലാലൂരിൽ എത്തുന്നത്. 12-15 ലോറിമാലിന്യങ്ങൾ വരുമായിരുന്ന ലാലൂരിൽ ഇപ്പോൾ 5-6 ലോറി മാലിന്യങ്ങൾ മാത്രമേ വരുന്നുള്ളു. തൃശ്ശൂരിൽ മാലിന്യങ്ങൾ കുറയുന്നു എന്നല്ല, ശരിയായ രീതിയിൽ മാലിന്യനീക്കം ചെയ്യപ്പെടുന്നില്ല എന്നതാണ് ഇതിൽ നിന്നും അനുമാനിക്കേണ്ടത്. വരുന്ന രണ്ട് ലോറി മാലിന്യങ്ങൾ മാത്രമേ സംസ്കരിക്കപ്പെടുന്നുള്ളു.

ശരിയായ സുരക്ഷാമാർഗ്ഗങ്ങൾ ഒന്നും തന്നെ പ്ലാന്റിലില്ല എന്നതാണ് സത്യം. നഗരമാലിന്യങ്ങൾ കുമിഞ്ഞുകൂടി അതിൽ നിന്നും വമിക്കുന്ന അണുക്കൾ നിറഞ്ഞ വെള്ളം പോകുവാൻ ഇടേണ്ട ചാലിന്റെ അപര്യാപ്തമാണെന്ന് ലാലൂർ മലിനീകരണ വിരുദ്ധ സമരസമിതി ചെയർമാനായ ടി.കെ. വാസു ചൂണ്ടിക്കാട്ടുന്നു. അതുപോലെ തന്നെ കമ്പോസ്റ്റാവാൻ കൂട്ടിയിട്ടപ്പോൾ പുറത്തുവമിക്കുന്ന മീഥൈൽ വാതകം ആരോഗ്യപ്രശ്നമുണ്ടാക്കുമെന്ന് തെളിയിക്കപ്പെട്ടിട്ടുള്ളതാണ്.

ജില്ലാഭരണാധികാരികളുടേയും അധികൃതരുടേയും മുന്നിലുള്ള പ്രശ്നമിപ്പോഴും മാലിന്യം സംസ്കരിക്കുകയെന്നതുമാത്രമാണ്. വർഷങ്ങളിതുയായിട്ടും മാലിന്യം എങ്ങനെയുണ്ടാകുന്നു എന്നതോ, മാലിന്യങ്ങൾ എങ്ങനെ കുറച്ചുകൊണ്ടുവരാം എന്നതിനെ പറ്റിയോ വ്യക്തമായ ധാരണകൾ അധികൃതരുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. വാർഡുതലത്തിലുള്ള മാലിന്യസംസ്കരണ സംവിധാനം അവരുടെ വാക്കുകളിൽ ഒതുങ്ങുന്നു. പ്ലാസ്റ്റിക് നിരോധനം കോർപ്പറേഷനിൽ നടപ്പിലാക്കിയിട്ടും നിയമം കൺമുന്നിൽ ലംഘിക്കുമ്പോഴും ഇതികർത്തവ്യമൂഢരായിരിക്കുന്ന ഭരണാധികാരികളുടെ മുന്നിൽ ലാലൂർ എന്ന ജനത ഇല്ല. അവരുടെ മുമ്പിൽ കമ്മീഷനായിയെത്തുന്ന പണച്ചാക്കുമായി വിദേശകമ്പനികളും അവരുടെ തട്ടുപൊളിപ്പൻ യന്ത്രസാമഗ്രികളും മാത്രമാണ്.